## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1636 11.02.2013 -ലെ മറുപടിക്ക്

## നഗരങ്ങളിലെ ബഹുനില കെട്ടിട നിർമ്മാണം

**ചോദ്യം**

ശ്രീ. വർക്കല കഹാർ
ശ്രീ. പി.എ.മാധവൻ
ശ്രീ. കെ.ശിവദാസൻ നായർ
ശ്രീ. ലൂഡി ലൂയിസ്

**ഉത്തരം**

ശ്രീ. മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) നഗരങ്ങളിൽ ബഹുനില കെട്ടിടം നിർമ്മിക്കുമ്പോൾ അവയുടെ വിശദാംശങ്ങൾ പരസ്യപ്പെടുത്തുന്നതിന് ഉത്തരവിറക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട് |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | (ബി) കെട്ടിടങ്ങളുടെ പരസ്യങ്ങളിൽ, കെട്ടിടവുമായി ബന്ധപ്പെട്ട പ്രധാന വിവരങ്ങൾ ഉൾപ്പെടുത്തുക വഴി ടി നിർമ്മാണത്തെക്കുറിച്ച് കൂടുതൽ ധാരണ ഉണ്ടാക്കുന്നതിനും, സുതാര്യത കൂട്ടുന്നതിനും ഉപകരിക്കുമെന്നതിനാലാണ് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 20 ൽ ഇത് സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ ഹൈറൈസ് കെട്ടിടങ്ങളുടെ സുരക്ഷാ വ്യവസ്ഥകൾ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം XVII ൽ പ്രതിപാദിക്കുന്നുണ്ട്. നിർമ്മാണം നടക്കുന്ന കാലയള്വു മുഴുവൻ സൈറ്റിന്റെ പ്രവേശന ഭാഗത്തിനടുത്ത് നിർമ്മാണം സംബന്ധിച്ച വിശദാംശങ്ങൾ രേഖപ്പെടുത്തിയിരിക്കണമെന്ന വ്യവസ്ഥയും ചട്ടം 120-ബി(1) ൽ പ്രതിപാദിക്കുന്നു. ഇവയും നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയങ്ങളിന്മേലുള്ള സുതാര്യത കൂട്ടുന്നതിന് സഹായകരമാകും. |

| | |
|---|---|
| | അംഗീകരിച്ച പ്ളാൻ/പെർമിറ്റിന്റെ അടിസ്ഥാനത്തിലാണോ നിർമ്മാണം നടക്കുന്നത് എന്ന് പൊതുജനങ്ങൾക്ക് അറിയുന്നതിനും കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ഈ വ്യവസ്ഥകൾ ഉപകരിക്കും. |
| (സി) ഇവ കൃത്യമായി പാലിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ? | (സി) കേരളത്തിലെ കോർപ്പറേഷൻ മുനിസിപ്പൽ പ്രദേശങ്ങളിൽ വൻതോതിൽ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുമ്പോൾ അവയെക്കുറിച്ചുള്ള വിശദ വിവരങ്ങൾ ലഭിക്കാത്തതു കാരണം നിയമാനുസൃതമായ നിർമ്മാണ പ്രവർത്തനങ്ങളാണോ നടത്തുന്നതെന്ന് പൊതുജനങ്ങൾക്ക് അറിയുവാൻ കഴിയാതെ വരുന്നു. ഇക്കാര്യം പരിഹരിക്കുന്നതിനായി കെട്ടിട നിർമ്മാണം നടത്തുമ്പോൾ ഉടമസ്ഥൻ/ ഡെവലപ്പർ ചെയ്തിരിക്കേണ്ടതും കോർപ്പറേഷൻ / മുനിസിപ്പാലിറ്റികൾ പരിശോധിച്ച് നടപ്പിൽ വരുത്തേണ്ടതുമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 25.07.2012ൽ ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നു എന്ന് ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഉറപ്പു വരുത്തേണ്ടതും നിർദ്ദേശം പാലിക്കാതെ നിർമ്മാണങ്ങളോ / ഭൂവികസനങ്ങളോ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത നിർമ്മാണം/ഭൂവികസനം ഉടനടി നിർത്തിവയ്ക്കുവാൻ നോട്ടീസ് നൽകേണ്ടതാണെന്നും പ്രസ്തുത സർക്കുലറിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ